**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 710** **09-08-2023 - ൽ മറുപടിയ്ക്ക്**

**വെള്ളരിക്കുണ്ട് താലൂക്ക് കേന്ദ്രീകരിച്ച് കെ. എസ്. ഇ. ബി. സബ് ഡിവിഷൻ ഓഫീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കെ. എസ്. ഇ. ബി. സബ് ഡിവിഷൻ ഓഫീസ് ഇല്ലാത്ത മലയോര താലൂക്ക് എന്നത് പരിഗണിച്ച് വെള്ളരിക്കുണ്ട് താലൂക്ക് കേന്ദ്രീകരിച്ച് ഒരു സബ് ഡിവിഷൻ ഓഫീസ് ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (എ) | പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുമെന്നതിനാലും ഇതിനായി ചെലവഴിക്കേണ്ടി വരുന്ന തുക താരിഫിൽ ഉൾക്കൊള്ളിക്കുന്നതു വഴി വൈദ്യുതി നിരക്ക് വർദ്ധനവിന് കാരണമാകുമെന്നതിനാലും പുതിയ സബ് ഡിവിഷൻ ഓഫീസ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ ബോർഡിന്റെ പരിഗണനയിലില്ല.<br><br>വൈദ്യുതി ചാർജ്ജ് അടക്കുന്നതിന് നിരവധി ഓൺലൈൻ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളതിനാലും, വൈദ്യുതി സംബന്ധമായ സേവനങ്ങൾക്ക് ഓഫീസിൽ പോകാതെ തന്നെ ലഭ്യമാകുന്നതിന് "സേവനം വാതിൽ പടിയിൽ" എന്ന പദ്ധതി കേരളത്തിലുടനീളം നടപ്പിലാക്കിയതും മൂലം പുതിയ സെക്ഷൻ ഓഫീസിന്റെ/ഡിവിഷൻ ഓഫീസിന്റെ ആവശ്യം തൽക്കാലം ഇല്ല എന്നതാണ് ബോർഡിന്റെ നിലപാട്. ആയതിനാൽ വെള്ളരിക്കുണ്ട് താലൂക്ക് കേന്ദ്രീകരിച്ച് കെ.എസ്.ഇ.ബി.എൽ സബ് ഡിവിഷൻ ഓഫീസ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ